LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി എയർപോർട്ടിന് നടപടി

45 (4392) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി എയർപോർട്ടിന് കേന്ദ്ര സിവിൽ ഏവിയേഷൻ വകുപ്പിന്റെയോ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടേയോ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാന സർക്കാർ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വിമാനത്താവളത്തിനുള്ള സൈറ്റ് ക്ലിയറൻസിനായി നിശ്ചിത ഫോർമാറ്റിൽ അപേക്ഷ സംസ്ഥാന സർക്കാർ 28-5-2010-ലെ 9782/ഡി2/2008/ട്രാൻസ്. നമ്പർ കത്ത് പ്രകാരം സ്റ്റിയറിംഗ് കമ്മിറ്റിക്ക് മുമ്പാകെ വയ്ക്കുവാനായി, കേന്ദ്ര വ്യോമയാന സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ടി കമ്മിറ്റിയിൽനിന്നും ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വിമാനത്താവളത്തിലേക്കുള്ള പ്രവേശന കവാടം

46 (4393) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂരിലെ നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള വടക്കു നിന്നുള്ള റോഡിന്റെ പ്രവേശന കവാടം തീരുമാനിച്ചിട്ടുണ്ടോ ;

(ബി) 31 കി.മീ. നീളമുള്ളതും ഏറ്റവും ദൈർഘ്യം കുറഞ്ഞതുമായ ധർമ്മശാല-മൂർഖൻപറമ്പ് റോഡിന്റെ നിർദ്ദേശം ഇതിലേക്കായി ലഭിച്ചിട്ടുണ്ടോ ;

(സി) ഇത് വിമാനത്താവള റോഡായി തീരുമാനിച്ച് തുടർനടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ- സി) നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവളത്തിന്റെ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന 8 റോഡുകളാണ് പരിഗണനയിലുള്ളത്.

1. കണ്ണൂർ - മട്ടന്നൂർ റോഡ്
2. തലശ്ശേരി - മട്ടന്നൂർ റോഡ്
3. പയ്യന്നൂർ - മട്ടന്നൂർ റോഡ്

4. കർണ്ണാടക ബോർഡർ - മട്ടന്നൂർ റോഡ്

5. മട്ടന്നൂർ അഞ്ചരക്കണ്ടി - തലശ്ശേരി റോഡ്

6. വയനാട് - മട്ടന്നൂർ റോഡ്

7. മാഹി - മുഴുപ്പിലങ്ങാട് റോഡ്

8. നാദാപുരം - തലശ്ശേരി റോഡ്

കൂടാതെ വിമാനത്താവളത്തിലേക്കുള്ള അപ്രോച്ച് റോഡുകൾ വികസിപ്പിച്ചെടുക്കാനുള്ള പരിപാടിയിൽ ധർമ്മശാല - ചാലോട് റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള പ്രവേശന കവാടങ്ങളെപ്പറ്റിയുള്ള തീരുമാനങ്ങൾ ആയിട്ടില്ല. ഉടനെതന്നെ നിയമിക്കുവാൻ ഉദ്ദേശിക്കുന്ന കൺസൾട്ടന്റിന്റെ റിപ്പോർട്ട് കിട്ടുന്നതോടെ വിമാനത്താവളത്തിലേക്കുള്ള പ്രവേശന കവാടം ഉൾപ്പെടെയുള്ള പ്ലാനുകളെ പറ്റിയുള്ള അന്തിമ തീരുമാനം എടുക്കുവാൻ കഴിയുന്നതാണ്.

തിരുവനന്തപുരം വിമാനത്താവളത്തിലെ പുതിയ ടെർമിനൽ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ ചെലവാക്കിയ തുക

47 (4394) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീമതി ജെ. അരുന്ധതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വിമാനത്താവളത്തിലെ പുതിയ ടെർമിനൽ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്തു നൽകുന്നതുൾപ്പെടെ എത്ര കോടി രൂപ സംസ്ഥാന സർക്കാർ ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ടെർമിനലിന്റെ ഉദ്ഘാടനം സംബന്ധിച്ച് വ്യോമയാന മന്ത്രാലയം സംസ്ഥാനത്തോട് ആലോചിച്ചിട്ടുണ്ടോ ;

(സി) ടെർമിനലിന്റെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവ്വഹിക്കണമെന്ന് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 81.10 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. പ്രധാനമന്ത്രി തന്നെ ഉദ്ഘാടനം നിർവ്വഹിക്കണം എന്ന് മുഖ്യമന്ത്രിയുടെ കത്ത് നൽകിയിട്ടുണ്ട്. നിയമസഭാ സമ്മേളനം കഴിഞ്ഞ് ഒക്ടോബർ മാസത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിതന്നെ ഉദ്ഘാടനം നിർവ്വഹിക്കാൻ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly